**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഒ.യു. സുരേഷ് ബാബുവിനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.392/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 08.02.2018

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 20.08.2014-ലെ ഇ 13(എസ് സി 74/13/കെഎൻആർ) 39190/2013 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 17.10.2014-ലെ 11290/ഡി1/2014/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 18.04.2015-ലെ 81312/ഇപിബി3/2014/തസ്വഭവ നമ്പർ കുറ്റപത്രം
4. കുറ്റപത്രത്തിന് ശ്രീ. സുരേഷ് ബാബു സമർപ്പിച്ച 09.06.2015-ലെ പ്രതിവാദ പത്രിക
5. പഞ്ചായത്ത് ഡയറക്ടറുടെ 04.07.2016, 15.11.2017 എന്നീ തീയതികളിലെ ഡി9-13756/15 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ല, മാടായി ഗ്രാമപഞ്ചായത്തിലെ 2012-13 വർഷത്തെ 28/12-13 എന്ന പ്രോജക്ടായി കടാങ്കോട് വളപ്പ് - കോപ്പാട് തോട് എന്ന റോഡ് പുതുതായി നിർമ്മിക്കാനുള്ള പ്രവൃത്തിയുമായി ബന്ധപ്പെട്ട വിഷയത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മാടായി ഗ്രാമപഞ്ചായത്തിൽ ആകസ്മിക അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ സൂചിപ്പിക്കുംപ്രകാരമുള്ള ക്രമക്കേടുകൾ കണ്ടെത്തി.

1. മാടായി ഗ്രാമപഞ്ചായത്തിൽ നാലാം വാർഡിൽപ്പെട്ട കടാങ്കോട് വളപ്പ് - കോപ്പോട് തോട് റോഡ് പഞ്ചായത്ത് ഏറ്റെടുക്കാതെ സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് റോഡ് നിർമ്മാണം നടത്തി.
2. റോഡ് നിർമ്മാണത്തിന് പഞ്ചായത്തിന്റെ തീരുമാനം ഇല്ല
3. 2012-13 വർഷം മിനുട്സിൽ കുറേ പേജുകൾ ഒഴിഞ്ഞു കിടക്കുന്നു.

പ്രസ്തുത ക്രമക്കേടുകൾക്ക് ഉത്തരവാദിയായ മാടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഒ.യു. സുരേഷ് ബാബുവിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് പരാമർശം (3) പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി. കുറ്റപത്രത്തിന് ടിയാൻ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചു

12.11.2012 മുതൽ 22.07.2013 വരെ കാലയളവിലായിരുന്നു താൻ മാടായി ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതെന്നും 2012-13 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 22.07.2012-ൽ ചേർന്ന നാലാം വാർഡിന്റെ ആസൂത്രണ ഗ്രാമസഭയിൽ നിന്നും റോഡ് നിർമ്മാണത്തിനായി ശുപാർശ ചെയ്ത പ്രോജക്ടാണ് കടാങ്കോട് വളപ്പ് - കോപ്പാട് തോട് റോഡ് നിർമ്മാണമെന്നും, ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശം എന്ന നിലയിലാണ് ടി വർഷത്തെ അന്തിമ പദ്ധതിയിൽ ഉൾപ്പെടുത്തി 15.11.2012 തീയതിയിലെ 101/12(1) നമ്പർ പഞ്ചായത്ത് തീരുമാനം പ്രകാരം ഭരണാനുമതി നൽകിയ ഒരു പ്രോജക്ടാണിതെന്നും പ്രോജക്ട് നിർവ്വഹണത്തിന്റെ ഒരു ഘട്ടത്തിലും ടി റോഡ് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽപ്പെടാത്തതാണോ എന്നോ ആയതിന് സ്വകാര്യ വ്യക്തിയുടെ സമ്മതപത്രം ഇല്ല എന്നുള്ള വിവരമോ തന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നില്ലെന്നും മാത്രമല്ല, ടി റോഡ് പ്രവൃത്തി തുടങ്ങുന്നതിന് മുമ്പായോ, നിർവ്വഹണ ഘട്ടങ്ങളിലോ ആസ്തി രജിസ്റ്റർ പരിശോധിച്ച് ബോദ്ധ്യപ്പെടുത്തേണ്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ ക്ലാർക്കോ ഓവർസീയറോ ഈ കാര്യം തന്റെ ശ്രദ്ധയിലോ ഭരണ സമിതിയുടെ ശ്രദ്ധയിലോപ്പെടുത്തിട്ടില്ലെന്നും മേൽ പ്രവൃത്തി പൂർത്തിയാക്കി ബിൽതുക അസിസ്റ്റന്റ് എഞ്ചിനീയർ റിക്വസിഷൻ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് പേമെന്റ് നൽകാൻ ഉത്തരവാക്കി സെക്രട്ടറിക്ക് നൽകുന്നത് വരെ ഈ കാര്യം തന്റെ ശ്രദ്ധയിൽപ്പെടുത്തിട്ടില്ലെന്നും ആയതിനാൽ പഞ്ചായത്ത് ഏറ്റെടുക്കാത്ത മേൽ റോഡിന് വേണ്ടിയായിരുന്നു ഈ പ്രോജക്ട് വിഭാവനം ചെയ്തത് എന്നുള്ള വിവരം അറിഞ്ഞിരുന്നില്ലെന്നും ടിയാൻ ബോധിപ്പിച്ചിട്ടിട്ടുണ്ട്.

2012-13 വർഷത്തെ മിനുട്സിൽ കുറേ പേജുകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന ആരോപണം സംബന്ധിച്ച്, പാലക്കാട് ജില്ലയിൽ നിന്നും സ്ഥലംമാറി വന്ന സാഹചര്യവും ഭാരിച്ച ഓഫീസ് ജോലിത്തിരക്കുകൾക്കിടയിൽ നൂറ് കണക്കിന് പേജ് വരുന്ന ഗുണഭോക്താക്കളുടെ അപൂർണ്ണമായ വിവരങ്ങൾ പൂർണ്ണമായി ലഭിക്കാത്തതു കൊണ്ടായിരുന്നു മിനുട്സിലെ പേജുകൾ ഒഴിച്ചിടേണ്ടി വന്ന സാഹചര്യം ഉണ്ടായതെന്നും അങ്ങനെ ഒഴിച്ചിടേണ്ടി വന്ന പേജുകൾ പിന്നീട് എഴുതി പൂർത്തിയാക്കിയിട്ടുണ്ടെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ 28 വർഷത്തെ സർവ്വീസിൽ ക്രമവിരുദ്ധമായ ഒരു വീഴ്ചയും തന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലെന്നും ടിയാൻ 31.05.2015-ന് സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുണ്ട് എന്നും സർവ്വീസിലിരിക്കെ യാതൊരുവിധ കൃത്യവിലോപമോ, അധികാര ദുർവ്വിനിയോഗമോ, അച്ചടക്ക ലംഘനങ്ങളോ ഒന്നും തന്നെ വരുത്തിയിട്ടില്ല എന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ. സുരേഷ് ബാബു സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദങ്ങളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

മാടായി ഗ്രാമപഞ്ചായത്തിലെ 2012-13 വർഷത്തെ 28/12-13 എന്ന പ്രോജക്ടായി കടാങ്കോട് കോപ്പാട് തോട് എന്ന റോഡ് പുതുതായി നിർമ്മിക്കാനുള്ള പ്രവൃത്തി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നുവെന്നും 27.07.2012-ന് ചേർന്ന നാലാം വാർഡ് ഗ്രാമസഭയുടെ പദ്ധതി നിർദ്ദേശങ്ങളിൽ ടി പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ പ്രവൃത്തി നടപ്പിലാക്കുന്നതിന് മുമ്പായി റോഡ് നിർമ്മിക്കാനാവശ്യമായ സ്ഥലം പഞ്ചായത്ത് ഏറ്റെടുക്കുകയോ, പഞ്ചായത്തിന് വിട്ടുകൊടുക്കുകയോ ചെയ്തിട്ടില്ലെന്നും വാർഷിക പദ്ധതി അംഗീകരിക്കാൻ 25.08.2012 വികസന സെമിനാർ ചേർന്നിട്ടുണ്ടെന്നും 15.11.2012-ന് ചേർന്ന ഭരണസമിതിയോഗം 101/12 നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 2012-13 വർഷത്തെ പദ്ധതി അംഗീകരിച്ചതിൽ പ്രസ്തുത റോഡും ഉൾപ്പെട്ടിട്ടുണ്ടെന്നും ടി പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ ശ്രീ. സി.കെ. പുഷ്പരാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ 1,25,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 1,02,635/- രൂപ ചെലവ് ചെയ്ത് പദ്ധതി നിർവ്വഹണം നടത്തിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. ഒ.യു.

സുരേഷ്ബാബു 12.11.2012-നാണ് മാടായി ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കുന്നതെന്നും ആയതിന് മുമ്പ് തന്നെ ടി റോഡ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ഗ്രാമസഭാ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും കരട് പദ്ധതി രേഖ തയ്യാറാക്കിയ സമയത്തും, പദ്ധതി അംഗീകാരത്തിന് ചേർന്ന വികസന സെമിനാർ സമയത്തും ടിയാൻ സെക്രട്ടറി ആയിരുന്നില്ലെന്നും, എന്നാൽ പദ്ധതി നിർവ്വഹണ സമയത്ത് സെക്രട്ടറിയുടെ ചുമതല ടിയാൻ വഹിച്ചിരുന്നുവെന്നും അസിസ്റ്റന്റ് എഞ്ചിനീയറാണ് പദ്ധതിയുടെ നിർവ്വഹണം പൂർത്തിയാക്കിയതെന്നും പൊതുമരാമത്ത് പ്രോജക്ടുകൾ അംഗീകാരത്തിനായി ഓൺലൈനായി തയ്യാറാക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനു ശേഷം മാത്രമാണെന്നും ആയതിനാൽ സ്വകാര്യ സ്ഥലത്താണ് റോഡുപണി ചെയ്യുന്നത് എന്ന വിവരം അസിസ്റ്റന്റ് എഞ്ചിനീയറുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടാവണമെന്നും പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും നടപടികൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത റോഡ് പരിശോധിച്ചതിൽ ടാർ റോഡിൽ നിന്നും ആരംഭിച്ച് ഒരു തോടിൽ അവസാനിക്കുന്ന രീതിയിൽ 64 മീറ്റർ നീളത്തിൽ മണ്ണിട്ട് റോഡ് നിർമ്മിച്ചിട്ടുള്ളതായി കാണുന്നുവെന്നും പ്രസ്തുത നിർമ്മാണം ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ് നടത്തിയിട്ടുള്ളതെന്നും ഇതു സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിലെ കണ്ടെത്തലുകൾ ശരിയാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും സ്വകാര്യ സ്ഥലത്ത് പൊതുപണം ദുരുപയോഗം ചെയ്ത് റോഡ് പണി നടത്തിയ നടപടി ചട്ടവിരുദ്ധമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാടായി ഗ്രാമപഞ്ചായത്തിൽ 12.11.2012-ൽ ജോലിയിൽ പ്രവേശിച്ച് 22.01.2013-ന് ടി ഓഫീസിൽ നിന്ന് സ്ഥലംമാറിപ്പോകുകയും ചെയ്ത ശ്രീ. ഒ.യു. സുരേഷ്ബാബു 31.05.2015-ന് സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണത്തിന്റെ ഒരു കാലഘട്ടത്തിൽ മാത്രമാണ് ടിയാൻ സെക്രട്ടറായി സേവനമനുഷ്ഠിച്ചിട്ടുള്ളതെന്നും പദ്ധതി ആസൂത്രണം, ക്രൂപീകരണം, നിർവ്വഹണം എന്നീ കാലഘട്ടത്തിൽ മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ച ചുമതലകൾ പൂർണ്ണമായും നിർവ്വഹിക്കുന്നതിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയതായി കാണുന്നുവെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. സുരേഷ് ബാബു സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 12.11.2012 മുതൽ 22.07.2013 വരെയുള്ള കാലയളവിൽ (8 മാസം) ആണ് ശ്രീ. സുരേഷ് ബാബു മാടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ജോലി നോക്കിയിട്ടുള്ളത് എന്ന് കാണുന്നു. 15.11.2012-ലാണ് ഭരണസമിതി ചേർന്നിട്ടുള്ളത്. ഭരണാനുമതി നൽകി ഡി.പി.സി.യ്ക്ക് സമർപ്പിക്കുന്നത് ഈ യോഗത്തിലാണ്. മാത്രവുമല്ല, തദ്ദേശ സ്വയംഭരണവകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ ശേഷം മാത്രമാണ് റോഡുപണി നടത്തുന്നത് എന്നും, അസിസ്റ്റന്റ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടാകണമെന്നും പഞ്ചായത്ത് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ശ്രീ. സുരേഷ് ബാബു, മാടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചാർജ്ജ് എടുക്കുന്നതിന് മുമ്പുതന്നെ റോഡ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ഗ്രാമസഭാ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് കാണുന്നു. കൂടാതെ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ ഇക്കാര്യത്തിൽ സർക്കാരിനുണ്ടായ നഷ്ടം കണ്ടെത്തി ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, പഞ്ചായത്ത് ഡയറക്ടർ ടി പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും സർക്കാരിന് നഷ്ടമായ തുക ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതിന് മാടായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണോദ്യോഗസ്ഥനായ മാടായി ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പുഷ്പജൻ സി.കെ.യ്ക്ക് നോട്ടീസ് അയയ്ക്കുകയും ടിയാൻ 4 ഗഡുക്കളായി തുക അടച്ചുകൊള്ളാമെന്ന് സമ്മതിക്കുകയും ആയതുപ്രകാരം

ടിയാൻ രണ്ട് ഗഡുക്കൾ അടവാക്കിയിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സഹചര്യത്തിൽ മാടായി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഒ.യു. സുരേഷ് ബാബുവിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. സുരേഷ് ബാബു ഒ.യു, മുൻ സെക്രട്ടറി, മാടായി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ് (യു.ഒ. റിമാർക്സ് നം.322/ഡി1/2017/വിജി. തീയതി 11.05.2017 പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (81312/ഇപിബി3/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ